പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം. 1769 — 04.12.2015 ൽ മറുപടിയ്ക്ക്

## ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. കെ. വി. വിജയദാസ് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയും അവ കെൽട്രോണിൽ നിന്നും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത കാര്യത്തിൽ 19/12/14, 08/04/15 എന്നീ തീയതികളിൽ പഞ്ചായത്ത് ഡയറക്ടർ അയച്ച പ്രൊപ്പോസലുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | ബി) അനുബന്ധം 1 ആയി ചേർക്കുന്നു. |
| സി) 25/12/14 ന് IB1/135/2014/LSGD നമ്പറായി ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | സി) അനുബന്ധം 2 ആയി ചേർക്കുന്നു. |
| ഡി) കെൽട്രോൺ ചീഫ് ജനറൽ മാനേജരുടെ 07/07/15 ലെ TVM/ITBG/SK/0707/15-16 നമ്പർ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ഡി) അനുബന്ധം 3 ആയി ചേർക്കുന്നു. |
| ഇ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22/7/15 ലെ ഉ.(കൈ) നം.241/2015/തസ്വഭവ നമ്പർ ഉത്തരവ് ക്യാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ പുറപ്പെടുവിച്ചത്; പ്രസ്തുത കാര്യത്തിൽ അന്തിമമായി തീരുമാനം എടുത്തത് ആരാണ്? | ഇ) അല്ല. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി. |

സെക്ഷൻ ഓഫീസർ

അനുബന്ധം 10 1/29

6147/NOR/2014/MCP&SW)

1/5 e - Tapal

OFFICE OF THE MINISTER FOR PANCHAYATS & SOCIAL JUSTICE

23 DEC 2014

ഭരണഭാഷ - മാതൃഭാഷ

ജി4-48924/2014

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 19/12/2014

Put up the file after obtaining remarks from E.D. IKM
Pr.Scy.(LSGD)

Dr. M. K. MUNEER
Minister for Panchayats & Social Justice

പഞ്ചായത്ത് ഡയറക്ടർ

പ്രൈവറ്റ് സെക്രട്ടറി
പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രി

സർ,

വിഷയം : ഗ്രാമ പഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്ക്കുകൾ കെൽട്രോണിൽ നിന്നും വാങ്ങുന്നത് സംബന്ധിച്ച്.

സൂചന: 1. തീയതിയിലെ കെൽട്രോൺ സമർപ്പിച്ച TVM/ITBG/101/VN/IKM dtd 10/12/2014 നമ്പർ പ്രൊപ്പോസൽ

2. ബഹു.പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രിയുടെ 1/11/2014 തീയതിയിലെ 5882/ NOR / 2014/ MPSW നമ്പർ കറിപ്പ്.

ഗ്രാമപഞ്ചായത്തുകളിൽ വിവിധ പൗരസേവന സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ഇൻഫർമേഷൻ കിയോസ്ക്കുകൾ കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകുന്നതിന് കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് താഴെ പറയുന്ന പ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നു.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതു ജനങ്ങൾക്ക് വളരെ സുതാര്യമായി ആവശ്യമുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ഇൻഫർമേഷൻ കിയോസ്ക്കുകൾ സഹായകരമാകും.
2. ഫ്രണ്ട് ഓഫീസ് / ബാക്ക് ഓഫീസ് എന്നീ നടപടി ക്രമങ്ങൾ സമന്വയിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കുന്ന ഈ കിയോസ്ക്കുകൾ വഴി അവശ്യാനുസരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങളായ ജനന, മരണ, വിവാഹ രജിസ്ട്രേഷൻ, പെൻഷൻ വിതരണം, വിവിധ നികുതികൾ, ലൈസൻസുകൾ സംബന്ധിച്ച വിവരങ്ങൾ, ഫയലിന്റെ നിജസ്ഥിതി, ഫയലുകളുടെ നീക്കം തുടങ്ങി പൊതു ജനങ്ങൾക്ക് ലഭിക്കേണ്ട മിക്ക സേവനങ്ങളും ലഭ്യമാക്കുന്നതിന് സാധിക്കുന്നു. ഇതിന്റെ ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുണ്ടെന്ന് ഇൻഫർമേഷൻ കേരള മിഷൻ അറിയിച്ചിട്ടുണ്ട്. കൂടാതെ പൊതു ജനങ്ങൾക്ക് നൽകേണ്ട നിർദ്ദേശങ്ങളും അറിയിക്കേണ്ട വിവരങ്ങളും

Scroling News ആയി കൊടുക്കാൻ കഴിയും. ജനങ്ങൾക്കാവശ്യമായ മറ്റ് വകുപ്പുകളിൽ
നിന്നുള്ള വിവരങ്ങളും, ഇന്റർനെറ്റ് വഴിയുള്ള വിവരങ്ങളും മറ്റ് സേവനങ്ങളും ഈ
കിയോസ്ക് വഴി നൽകാൻ കഴിയും.

3. നടപടിക്രമങ്ങളിൽ സുതാര്യതയും വേഗതയും ഉറപ്പാക്കുന്നതോടൊപ്പം ISO Certification
നേടുന്നതിന് ഈ കിയോസ്ക്കുകൾ ഒരു മുതൽക്കൂട്ടാകും. നിലവിൽ 64 തദ്ദേശ
സ്വയംഭരണ സ്ഥാപനങ്ങളിൽ വെബ് അധിഷ്ഠിത ടച്ച് സ്ക്രീൻ സംവിധാനം
ലഭ്യമാണെന്ന് IKM അറിയിച്ചിട്ടുണ്ട്. ഇവയെല്ലാം വ്യത്യസ്ഥമായ ഏജൻസികളിൽ
നിന്നും വാങ്ങിയിട്ടുള്ളതിനാൽ ഏകീകൃതമായ രീതിയല്ല ഇപ്പോൾ നിലവിലുള്ളത്.

4. കെൽട്രോൺ സപ്ലൈ ചെയ്യുന്ന കിയോസ്ക്കുകൾ വഴി മേൽ പരാമർശിച്ച സേവന
സൗകര്യങ്ങൾ കൃത്യമായി നടപ്പിലാക്കാമെന്ന് IKM അറിയിച്ചിട്ടുണ്ട്. കൂടാതെ
അനായാസം കൈകാര്യം ചെയ്യാവുന്നതും കുറച്ചു സ്ഥലം മാത്രം ആവശ്യമുള്ളതും
ആയ രീതിയിലാണ് ഇതിന്റെ നിർമ്മാണം നടത്തിയിട്ടുള്ളതെന്ന് കെൽട്രോൺ
അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ രീതിയിലുള്ള
രൂപകൽപ്പനയും സാങ്കേതിക നിലവാരവും ഉറപ്പാക്കിയാണ് കെൽട്രോൺ നിർമ്മാണം
നടത്തിയിട്ടുള്ളത് എന്നും കെൽട്രോൺ അറിയിച്ചിട്ടുണ്ട്.

5. ഗ്രാമ പഞ്ചായത്തുകളിൽ സ്ഥാപിക്കുന്നതിനുള്ള ടി കിയോസ്ക്കുകൾ കെൽട്രോണിൽ
നിന്നും ലഭ്യമാക്കിയാൽ സംസ്ഥാനത്തൊട്ടാകെ ഏകീകൃതമായ രീതിയിലുള്ള
ഇൻഫർമേഷൻ കിയോസ്ക്കുകൾ സ്ഥാപിക്കാനാകും. ഇത് തുടർന്നുള്ള
പരിപാലനത്തിനും തകരാറുകൾ എളുപ്പം പരിഹരിക്കുന്നതിനും മറ്റ്
ക്രമീകരണങ്ങൾക്കും സഹായകമാകും. ഗ്രാമപഞ്ചായത്തുകൾക്ക് ന്യായമായ നിരക്കിൽ
ഗുണമേന്മയുള്ള കിയോസ്ക്കുകൾ കെൽട്രോൺ വഴി താമസം വിനാ ലഭ്യമാക്കാൻ
ഇതിലൂടെ കഴിയുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് നേരിട്ട് കെൽട്രോണുമായി
സേവനതല കരാർ വച്ച് ഈ കിയോസ്ക്കുകൾ വാർഷിക പദ്ധതിയിലുൾപ്പെടുത്തി
വാങ്ങാൻ കഴിയും. ഈ കിയോസ്ക്കുകളെ IKM മുമായി ഇന്റർനെറ്റുവഴി
ബന്ധിപ്പിക്കുന്നതിനാൽ സംസ്ഥാന തലത്തിൽ നിയന്ത്രണവും മേൽനോട്ടവും ഉറപ്പു
വരുത്താനുമാകും.

6. ഇൻഫർമേഷൻ കിയോസ്കിന്റെ വിശദാംശങ്ങൾ വിശദീകരിക്കുന്നതിനായി
കെൽട്രോൺ അധികൃതരുമായി ചർച്ച നടത്തിയത് പ്രകാരം തുല്യമായ
സ്പെസിഫിക്കേഷനിലുള്ള DGSND നിരക്കിലുള്ള കിയോസ്ക്കുകൾക്ക് സർക്കാർ
നിശ്ചയിച്ചിരിക്കുന്നതിനേക്കാൾ കുറഞ്ഞ തുകയായ 1,28,000/- (ഒരു ലക്ഷത്തി
ഇരുപത്തിയെട്ടായിരം രൂപ) രൂപക്ക് എല്ലാ നികുതികളും 3 വർഷ വാറണ്ടിയുമുൾപ്പെടെ
ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിച്ച് നൽകാമെന്ന് സൂചന 1 പ്രകാരം പ്രൊപ്പോസൽ

3

നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ഇഗവേണൻസ് പ്രവർത്തനങ്ങൾക്കാവശ്യമായ ഇൻഫർമേഷൻ കിയോസ്കുകൾ കെൽട്രോൺ നേരിട്ട് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം കെൽട്രോണിൽ നിന്നും ടെൻഡർ കൂടാതെ വാങ്ങുന്നതിന് അനുമതി നൽകിയുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത് അഭികാമ്യമാകും എന്ന് ബോധിപ്പിച്ച് കൊള്ളുന്നു.

വിശ്വസ്തതയോടെ

പഞ്ചായത്ത് ഡയറക്ടർ (I/C)

172614/2015/LSGD

അനുബന്ധം 1 (2)

ജി4-48924/14

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 8/4/2015

പഞ്ചായത്ത് ഡയറക്ടർ

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

സർ,

വിഷയം : തസ്വഭവ - ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് -

സൂചന: സർക്കാരിന്റെ 11.3.2015 ലെ തസ്വഭവ ഐബി1/166/2014 തസ്വഭവ നം. കത്ത്.

****

സൂചനയിലേക്ക് സർക്കാരിന്റെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന കത്ത് പ്രകാരം സർക്കാരിൽ നിന്നും ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

978 ഗ്രാമപഞ്ചായത്തുകളിൽ വളരെക്കുറച്ച് ഗ്രാമപഞ്ചായത്തുകളിലാണ് ഇൻഫർമേഷൻ കിയോസ്കുകൾ ഉള്ളത്. (ഇവ ഏകീകൃത രീതിയിലുള്ളവ അല്ല) ബാക്കി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കേണ്ടതായുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് പ്രത്യേക പ്രോജക്ടുകൾ വച്ച് അതാതു ഗ്രാമപഞ്ചായത്തുകൾ തന്നെയാണ് ഇൻഫർമേഷൻ കിയോസ്കുകൾ വാങ്ങേണ്ടത് ആയതിനാൽ 1, 28,000/- രൂപ വീതം പദ്ധതി വച്ച് ഗ്രാമപഞ്ചായത്തുകൾ ഇവ കെൽട്രോണിൽ നിന്നും വാങ്ങുന്നതിലേക്കാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. Bulk purchase ആയി ഇവ വാങ്ങുന്നില്ല. ആയതിനാൽ ആകെ എത്ര തുക വരും എന്ന് കണക്കാക്കാൻ കഴിയുകയില്ല. ഒരു ഗ്രാമപഞ്ചായത്തിൽ 1,28,000/- രൂപയാണ് ഇൻഫർമേഷൻ കിയോസ്ക് സ്ഥാപിക്കാൻ ചിലവാകുക.

മേൽ വിവരങ്ങൾ സർക്കാരിന്റെ അറിവിലേക്കായി സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

സി.എൻ.ബാബു
ജോയിന്റ് ഡയറക്ടർ (ഭരണം)
പഞ്ചായത്ത് ഡയറക്ടർക്കു വേണ്ടി

ജെ.എൽ

# INFORMATION KERALA MISSION

നം. IB1/135/2014-LSGD

തീയതി : 26.12.2014

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ

പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയം ഭരണ വകുപ്പ്.

സർ,

വിഷയം : ഗ്രാമ പഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ - കെൽട്രോണിൽ നിന്നും വാങ്ങുന്നത് – റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :
1. കെൽട്രോൺ സമർപ്പിച്ച TVM/ITBG/101/VN/IKM dtd 10/12/2014 നമ്പർ പ്രൊപ്പോസൽ
2. ബഹു. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ 1/11/2014 തീയതിയിലെ 5882/NOR/2014/MPSW നമ്പർ കുറിപ്പ്
3. തദ്ദേശസ്വയംഭരണഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ LSGD-IB1/166/2014 നമ്പർ കത്ത്

ഗ്രാമപഞ്ചായത്തുകളിൽ വിവിധ പൗരസേവന സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനും വേണ്ടി ഇൻഫർമേഷൻ കിയോസ്കുകൾ കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച കത്ത് പരിശോധിച്ച് സാങ്കേതികമായ വിലയിരുത്തൽ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നു.

വിവര സാങ്കേതികവിദ്യ അടിസ്ഥാനമാക്കി പൗരന്റെ അവകാശങ്ങൾ കൃത്യതയോടെയും സമയബന്ധിതമായും നിറവേറ്റുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പൗരസേവനം ലഭ്യമാക്കുവാൻ തദ്ദേശസ്വയംഭരണവകുപ്പ്, ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെ വിവിധ തരം സോഫ്റ്റ്‌വെയറുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ വിന്യസിച്ച് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ അടുത്ത പടിയെന്ന നിലയിൽ ഈ സംവിധാനങ്ങൾ കൂടുതൽ ജനകീയമാക്കുവാനായി പൊതുജനങ്ങൾക്ക് നേരിട്ട് സംവദിക്കാവുന്ന നിലയിലുള്ള ഇൻഫർമേഷൻ കിയോസ്കുകൾ എല്ലാ ഗ്രാമപഞ്ചായത്തിലും സ്ഥാപിക്കാവുന്നതാണ്. ഏതൊരു പൗരനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായോ മറ്റു സർക്കാർ വകുപ്പുകളുമായോ ബന്ധപ്പെട്ട വിവരങ്ങൾ, അപേക്ഷകളുടെയും പരാതികളുടെയും നിലവിലുള്ള അവസ്ഥ, സർക്കാർ ഉത്തരവുകൾ,ചട്ടങ്ങൾ, നിർദ്ദേശങ്ങൾ, ആനുകൂല്യങ്ങൾ, നികുതി സംബന്ധമായ വിവരങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഏതെങ്കിലും ഒരു കിയോസ്കിൽ നിന്നും വിദ്യാഭ്യാസയോഗ്യത, സ്ഥല, സമയ വ്യത്യാസം കൂടാതെ സ്വന്തം വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന ബൃഹത്തായ പദ്ധതിയായിത്തന്നെ ഇതു മാറും.

ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ഉടൻ തന്നെ ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്‌വെയറുകളിൽ നിന്നുള്ള ജനന, മരണ, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, കെട്ടിട നിർമ്മാണ പെർമിറ്റ്, വിവിധ സാമൂഹ്യസുരക്ഷിതത്വ പെൻഷൻ അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ, ഒരു പ്രദേശത്തെ ഭൂമിശാസ്ത്രപരവും സാമൂഹികവുമായ സ്ഥാനങ്ങളും പ്രധാന സ്ഥാപനങ്ങൾ, വീഥികൾ, ഭവനങ്ങൾ എന്നിവയുടെ വിവരങ്ങളും എല്ലാവിധ നികുതികൾ സംബന്ധമായ വിവരങ്ങളും നൽകാൻ കഴിയും. ഇ.പെയ്മെന്റ് സംവിധാനങ്ങൾ പൊതുജനങ്ങൾക്ക് ഇതുവഴി ലഭ്യമാക്കാൻ കഴിയും. വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വെബ് സൈറ്റുകൾ,വോട്ടർ പട്ടിക, റേഷൻ കാർഡ് മുതലായവ സംബന്ധിച്ച വിവരങ്ങൾ എന്നിവയും ലഭ്യമാക്കാൻ കഴിയും. ഈ സേവനങ്ങൾ കൂടാതെ ട്രെയിൻ സമയം പോലെ ജനോപകാരപ്രദമായ സേവനങ്ങൾ, പൊതുജനങ്ങൾക്കുള്ള സ്ക്രോളിംഗ് അറിയിപ്പുകൾ മുതലായവയും ഈ കിയോസ്കുകൾ വഴി ലഭ്യമാക്കാവുന്നതാണ്. കിയോസ്കുകൾക്കുള്ള സോഫ്റ്റ് വെയർ ഇൻഫർമേഷൻ കേരളമിഷൻ വികസിപ്പിച്ച് കഴിഞ്ഞിട്ടുണ്ട്.

കെൽട്രോൺ നിർമ്മിച്ചു നൽകുന്ന ഇൻഫർമേഷൻ കിയോസ്കുകളുടെ സ്പെസിഫിക്കേഷൻ അനുബന്ധം (I) ആയി ചേർത്തിരിക്കുന്നു. ഈ സ്പെസിഫിക്കേഷൻ ഗ്രാമപഞ്ചായത്തുകളിലെ ആവശ്യത്തിന് പര്യാപ്തമാണ്. ഇവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാൻ കുറച്ചു സ്ഥലം മാത്രമേ ആവശ്യമുള്ളൂ എന്നതും ഒരു മേന്മയായി കാണാവുന്നതാണ്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും സമാനമായ കിയോസ്കുകൾ സ്ഥാപിക്കുന്ന പക്ഷം ഇവയുടെ മെയിന്റനൻസ് തുടങ്ങിയ കാര്യങ്ങൾ കാര്യക്ഷമമാകും. ഏതെങ്കിലും ഗ്രാമപഞ്ചായത്തിൽ കിയോസ്കുകൾക്ക് പ്രവർത്തന തടസ്സം ഉ ണ്ടായാൽ ജില്ലാ അടിസ്ഥാനത്തിലോ ബ്ലോക്ക് അടിസ്ഥാനത്തിലോ സജ്ജീകരിക്കുന്ന Standby കിയോസ്കുകൾ എത്തിച്ച് സേവന ലഭ്യത ഉറപ്പാക്കാൻ കെൽട്രോണിന് നിർദ്ദേശം നൽകാവുന്നതാണ്.

നിലവിൽ G.O (Rt) No. 1024/2012/LSGD, dtd. 31.03.2012 പ്രകാരം DGS&D നിരക്കിനെ ക്കാൾ കുറഞ്ഞ നിരക്കിൽ കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും കെൽട്രോണിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാം എന്ന് സർക്കാർ അനുമതിയുണ്ട്. പ്രോസസർ സഹിതമുള്ള ഇൻഫർമേഷൻ കിയോസ്കുകളുടെ പ്രധാന ഭാഗം ടച്ച് സ്ക്രീൻ വഴി പ്രവർത്തിപ്പിക്കാവുന്ന ഒരു കമ്പ്യൂട്ടർ ആയതിനാൽ ഇവയെയും ടി വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയും.

കെൽട്രോൺ ഇൻഫർമേഷൻ കിയോസ്കിന്റെ തുല്യമായ സ്പെസിഫിക്കേഷനിലുള്ള പ്രോസസർ സഹിതമുള്ള കിയോസ്കിന് കീബോർഡും ട്രാക്ക്ബോളും ഉൾപ്പെടെ 1,28,496/- രൂപയാണ് 2014 ഒക്ടോബർ 31 വരെ പ്രാബല്യത്തിലിരുന്ന DGS&D നിരക്ക്. നിലവിൽ ഇൻഫർമേഷൻ

കിയോസ്കുകൾക്ക് DGS&D നിരക്ക് പ്രാബല്യത്തിലില്ല. ഇതേ സ്പെസിഫിക്കേഷനിലുള്ള കെൽട്രോൺ കിയോസ്കുകൾ പ്രൊപ്പോസൽ പ്രകാരം 1,28,000/- രൂപയ്ക്ക് ലഭ്യമാക്കാമെന്നാണ് കെൽട്രോൺ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇത് DGS&D നിരക്കിൽ കുറവായിട്ടാണെന്ന് കാണാം. ആയതിനാൽ ഇക്കാര്യത്തിൽ ഒരു ഏകീകൃത മാനദണ്ഡമായി കെൽട്രോണിൽ നിന്നും ഇൻഫർമേഷൻ കിയോസ്കുകൾ വാങ്ങുമ്പോൾ പ്രാബല്യത്തിലുള്ള തുല്യ സെപ്സിഫിക്കേഷനുള്ള DGS&D നിരക്കിലുള്ള കിയോസ്കിന്റെ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ കെൽട്രോണിൽ നിന്നും നേരിട്ടു വാങ്ങാമെന്നും ഇൻഫർമേഷൻ കിയോസ്കുകൾക്ക് DGS&D rate നിലവിലില്ലാത്ത സാഹചര്യത്തിൽ അത് പ്രാബല്യത്തിൽ വരുന്നത് വരെ കെൽട്രോൺ പ്രൊപ്പോസൽ നൽകിയ പ്രകാരം പരമാവധി 1,28,000/-രൂപ നിരക്കിൽ കിയോസ്കുകൾ കെൽട്രോണിൽ നിന്നും ടെൻഡർ കൂടാതെ വാങ്ങാമെന്നുള്ള അനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണെന്ന് അറിയിച്ചുകൊള്ളുന്നു.

ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുമ്പോൾ ഇവയുടെ പ്രവർത്തനത്തെ സംബന്ധിച്ചും ലഭ്യമായ സേവനങ്ങളെ സംബന്ധിച്ചും പൊതുജനങ്ങളെ ബോധ്യപ്പെടുത്തുവാൻ ആവശ്യമായ ബോർഡുകളും മറ്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കേണ്ടതാണെന്നും അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ

അനുബന്ധം I

## Information Kiosks Processor Based Free Standing Type

**Specification :**

1. Type/Mounting : Free Standing
2. Construction : The Kiosk shall be floor mounted with permanent Base and screw less chassis. The enclosure shall be made of minimum - 1.6 mm thick CRCA steel sheet, polymer powder coated - or 1.2 mm stainless steel sheet designed to work in har designed to work in harsh environmental conditions. The design shall be vandal resistant.

3. Display
   - (a) Type : Colour LCD Touch Monitor
   - (b) Size : 48.3 cm (19 inches)
   - (c) Resolution : 1280 x 1024 for 48.3 cm display
   - (d) Touch Screen: APR / SAW type with 3 mm or higher antiglare & overlay tempered vandal resistant glass(Vandal Resistance shall be established by dropping steel ball of 50mm dia of 0.5 kg. From a height of 1.3 mtrs and there shall not be any damage to screen)
   - (e) LCD Touch Panel : Minimum 250 CD/m2 (NITS) brightness (Firm to inspection)

4. System Details
   - (a) Processor : Intel/AMD Embedded processor, 2.13 GHz or higher, 3 MB Cache or better on industrial grade mother board or higher. Make and Model to be specified by the bidder
   - (b) Chipset : Suitable chipset for the processor.
   - (c) Memory : 2 GB or higher
   - (d) ODD : DVD (RW)
   - (e) HDD/Storage : 250 GB or higher
   - (f) Expansion I/O : 1PS-2, 4 USB, 1 Serial, LAN 10/100/VGA
   - (g) Audio : 1 x Line-out/1 Line-in
   - (h) Speaker : 2x1.5 Watt, RMS Stereo speaker.
   - (i) Operating System : Windows 7 Professional
   - (j) Antivirus : Norton Anti Virus/Mcafee or equivalent with 1 year license
5. Power Supply : 180 - 240V, 50Hz, AC Supply

DGS&D Final Price : Rs. 119360.78(Incl Taxes)

USB based keyboard shall be with track ball having 64 keys and IP-65 compliance

DGD&D Final Price : Rs. 9134.99(Incl Taxes)

**Total for Processor based Information Kiosk & Key board & Tack ball**

**DGS&D Rate** **Rs. 128496 (Incl Taxes)**

3B

**Kerala State Electronics Development Corporation Ltd.**
(A Government of Kerala Undertaking)

CIN: U74999KL1972SGC002450

KELTRON
I.T. Business Group
ISO 9001 : 2008 CERTIFIED

Keltron House, Vellayambalam, Thiruvananthapuram-695 033, INDIA
Phone: 0471-4094444, Fax: 2724545, E-mail: itbg@keltron.org

TVM/ITBG/SK/0707/15-16

July 7, 2015

The Principal Secretary
Local Self Government (IB) Department
Thiruvananthapuram

Dear Sir,

Sub: Supply and Installation of Information KIOSK – reg.
Ref: 1) Your letter No. LSGD-IB1/166/2014-LSGD dated 06-07-2015
2) Our offer No. TVM/ITBG/101/VN/IKM dated 10-12-2014

With reference to the above, we are furnishing below the AMC rates for information KIOSK

| Sl No | Description | AMC rate | AMC amount per unit | Service Tax @ 14% | Total |
|---|---|---|---|---|---|
| 1 | 4th year | 8% | 10316.00 | 1444.00 | 11760.00 |
| 2 | 5th year | 8% | 10316.00 | 1444.00 | 11760.00 |

**Commercial Terms and Conditions**

1. The above rates are inclusive of service tax @ 14%, any change in the tax structure will be applicable at the time of billing.
2. Payment shall be made 100% in advance for every year
3. Consumable items, plastic parts and casing are not covered under the scope of work.
4. The warranty shall not cover any incidental, consequential or indirect damage howsoever cost to the equipment through accident, misuse, test, lighting, fire, flood, overvoltage etc.

We hope you will find our offer in line with your requirement and looking forward to pleasure of receiving your valuable orders.

Thanking you,

Yours faithfully
For K S E D C Limited

Suresh Kumar S
Chief General Manager